"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനം - എൽ.എ.ആർ.132/10-ന്മേലുള്ള ബാലൻസ് തുക കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1690/2025/LSGD തീയതി,തിരുവനന്തപുരം, 07-07-2025

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.05.2025-ലെ LSGD/PD/8338/2025-REV5 കത്ത്.
2. സ.ഉ.(സാധാ) നം.1308/2025/തസ്വഭവ തീയതി 27.05.2025
3. സ.ഉ.(സാധാ)നം.5400/2025/ധന തീയതി 25.06.2025

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ശ്രീ.കെ.രാമയ്യൻ & അദേഴ്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.43 ആർ സ്ഥലം (Sy No.813/21) പൊന്നും വിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.132/10-നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 1,13,864/- രൂപ കക്ഷികൾക്ക് അനുവദിക്കുന്നതിന് ട്രഷറി നിയന്ത്രണങ്ങൾ മൂലം സാധിച്ചിരുന്നില്ല എന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിയ്ക്കുണ്ടായി.

2) മേൽ പരാമർശിത എൽ.എ.ആർ.132/10 കേസിന്മേലുള്ള ബാലൻസ് തുക കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 1,14,000/- രൂപ 4217-60-800-93-payment of compensation in LAR cases (Plan- charged) എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റേയും അധിക ധനാനുമതിയുടേയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.132/10-നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,13,864/- രൂപ (ഒരു ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപാ മാത്രം) 4217-60-800-93-payment of compensation in LAR cases (Plan- charged)

ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയിൽ നിന്നും കക്ഷികളായ ശ്രീമതി കൃഷ്ണവേണി (W/o Late Ramayyan), ശ്രീ.സുബ്രഹ്മണ്യൻ, ശ്രീ. ദേവരാജൻ.എൻ എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

4) മേൽ ചെലവിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
എൽ.എ.ആർ 132/10-ലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/272/2024-ധന(3007947), dated 01.07.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 07-07-2025 15:26:20